സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.41/16/S

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
19/ 07 / 2016

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

**വിഷയം:-**2016-2017 മാവേലിക്കര ഗ്രൂപ്പിലെ ഫുൾടൈം ശാന്തിക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച്.

**സൂചന:-** ശാന്തിക്കാരുടെ അപ്പീൽ അപേക്ഷകൾ.

2016-2017 ഫുൾടൈം ശാന്തിക്കാരുടെ മാവേലിക്കര ഗ്രൂപ്പിനുള്ളിൽ നടത്തിയ സ്ഥലം മാറ്റങ്ങളിലെ അപ്പീൽ അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടി വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ.കെ.കൃഷ്ണൻ നമ്പൂതിരി

ടിയാൻ ആവശ്യപ്പെട്ട ദേവസ്വങ്ങൾ-മാവേലിക്കര നവഗ്രഹ ശാന്തി, കാട്ടുവള്ളി ദേവസ്വം, ശ്രീനാരായണപുരം എന്നിവയാണ്. എന്നാൽ ടിയാൻ ആവശ്യപ്പെടാത്ത കൊഴിഞ്ഞ നെല്ലൂർ ദേവസ്വത്തിലേയ്ക്കാണ് സ്ഥലം മാറ്റിയതെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട ദേവസ്വങ്ങളിലേതെങ്കിലും നൽകുകയോ, ചെട്ടികുളങ്ങര ദേവസ്വം കീഴ്ശാന്തിയായി തുടരുവാൻ അനുവദിക്കുകയോ, അല്ലാത്ത പക്ഷം ഒഴിവുള്ള കടവൂർ മഹാദേവ ക്ഷേത്രം ദേവസ്വം ശാന്തിയായി സ്ഥലം മാറ്റുകയോ ചെയ്യണമെന്നാണ് അപ്പീലിലെ ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ.കൃഷ്ണൻ നമ്പൂതിരിയുടെ അപ്പീൽ പരിഗണിച്ച് ടിയാന്റെ രണ്ടാമത്തെ ചോയ്സ് ആയ കാട്ടുവള്ളി ദേവസ്വത്തിലേയ്ക്കും, കാട്ടുവള്ളി ദേവസ്വം ശാന്തി ശ്രീ.വിഷ്ണു നമ്പൂതിരിയെ കണ്ണമംഗലം ദേവസ്വം ശാന്തിയായി സ്ഥലം മാറ്റിയും ഉത്തരവാകുന്നു.

2. ശ്രീ.എൻ.ഉണ്ണികൃഷ്ണൻ നമ്പൂതിരി

ആവശ്യപ്പെട്ട ദേവസ്വങ്ങൾ മാവേലിക്കര നവഗ്രഹം കാട്ടുവള്ളി,തിരുഅവിംകുന്ന് എന്നിവയാണ്. എന്നാൽ ടിയാൻ ആവശ്യപ്പെടാത്ത കണ്ണമംഗലം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയെന്നാണ് ടിയാന്റെ അപ്പീലിൽ ബോധിപ്പിക്കുന്നത്.

ടിയാൻ ആവശ്യപ്പെട്ടുള്ള ദേവസ്വങ്ങളിൽ എല്ലാം തന്നെ മുമ്പ് ജോലി നോക്കിയിട്ടുള്ളതിനാൽ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

3. ശ്രീ.പ്രദീപ് കുമാർ

ആവശ്യപ്പെട്ട ദേവസ്വങ്ങൾ മാവേലിക്കര നവഗ്രഹം ശ്രീനാരായണപുരം, കടവൂർ എന്നിവയാണ്. ടിയാന്റെ രണ്ടാമത്തെ ചോയ്സായ ശ്രീനാരായണപുരമാണ് പരിഗണിച്ചത്

ടിയാന്റെ ഒന്നാം ചോയ്സ് ആയ നവഗ്രഹ ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റണമെന്നാണ് ആവശ്യം

ടിയാന്റെ അപേക്ഷ പരിഗണിച്ച് രണ്ടാമത്തെ ചോയിസ് ആയ ശ്രീനാരായണപുരം ദേവസ്വത്തിലേയ്ക്കും, ശ്രീ.എസ്.നാരായണൻ നമ്പൂതിരിയെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരം മാവേലിക്കര നവഗ്രഹ ദേവസ്വത്തിലേയ്കും, ശ്രീ.N.നാരായണൻ നമ്പൂതിരിയെ കൊഴിഞ്ഞനെല്ലൂർ ദേവസ്വത്തിലേയ്ക്കും സ്ഥലം മാറ്റി ഉത്തരവാകുന്നു.

4.<u>ശ്രീ.എം.എൻ.നാരായണൻ നമ്പൂതിരി</u>

ആവശ്യപ്പെട്ട ദേവസ്വങ്ങൾ കാട്ടുവള്ളിൽ,മാവേലിക്കര നവഗ്രഹ, കടവൂർ എന്നീ ക്രമത്തിലാണ്. ടിയാനെ കാട്ടുവള്ളി, കടവൂർ എന്നിവയിൽ ഏതിലെങ്കിലും പരിഗണിക്കണമെന്നാണ് അപേക്ഷയിലെ ആവശ്യം

ടിയാന്റെ അപേക്ഷ പരിഗണിച്ച് കടവൂർ ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റി ഉത്തരവാകുന്നു

<u>ടി സ്ഥലം മാറ്റം 20.07.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ</u>

ദേവസ്വം കമ്മീഷണർ

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ROC.39/16/MIS-B**

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
**13/ 07 / 2016**

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

**വിഷയം:-**മാവേലിക്കര ഗ്രൂപ്പിലെ പഞ്ചവാദ്യം ജീവനക്കാരുടെ **2016-2017-**ലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച്.

**സൂചന:-** കാട്ടുവള്ളി ദേവസ്വം പഞ്ചവാദ്യം ശ്രീ.ബി.അജയകുമാറിന്റെ അപ്പീൽ അപേക്ഷ.

ശ്രീ.ബി.അജയകുമാർ-(കാട്ടുവള്ളി ദേവസ്വം)

സൂചനാ പ്രകാരമുള്ള അപ്പീൽ അപേക്ഷ നിരസിച്ച് ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

ടിയാൻ പൊതുസ്ഥലം മാറ്റത്തിൽ മാവേലിക്കര ദേവസ്വത്തിലുള്ള പഞ്ചവാദ്യ ലാവണം ആവശ്യപ്പെട്ടിട്ടുള്ളതും, ടി സ്ഥലം മാറ്റഉത്തരവിൽ ടിയാനെ പരിഗണിച്ചിട്ടില്ലെന്നും, ഒഴിവുള്ള ലാവണത്തിലേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്നതാണ് അപ്പീലിലെ അവശ്യം.

ടിയാൻ ഇപ്പോഴത്തെ സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയാകാത്തതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

പ്രസ്തുത സ്ഥലം മാറ്റം **20.07.2016** മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

**അംഗീകാരത്തോടെ,**

Sreelathi

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ)**

**പകർപ്പ്-**

1. **അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ-മാവേലിക്കര**
2. **സെക്ഷൻ ഫയൽ**
3. **ഫെയർ ഓഫീസ് കോപ്പി**
4. EDP Section

RA

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം, 13/7/2016

ആർ.ഒ.സി. നം: 39/16/മിസ്.സി.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- മാവേലിക്കര ഗ്രൂപ്പിലെ നാദസ്വരം ജീവനക്കാരുടെ 2016-17-ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- കാട്ടുവള്ളി ദേവസ്വം നാദസ്വരം ശ്രീമതി. ആർ. പ്രസന്ന, തൃപ്പെരുന്തറ ദേവസ്വം നാദസ്വരം ശ്രീ. പി.കൃഷ്ണകുമാർ എന്നിവരുടെ അപ്പീൽ അപേക്ഷ.

1. ശ്രീമതി. ആർ. പ്രസന്ന. (കാട്ടുവള്ളി ദേവസ്വം)

ടിയാൾ പൊതുസ്ഥലം മാറ്റത്തിൽ മറ്റം ദേവസ്വമാണ് ആവശ്യപ്പെട്ട തെന്നും സ്ഥലം മാറ്റ ഉത്തരവിൽ മാവേലിക്കര ദേവസ്വത്തിൽ സ്ഥലം മാറ്റുകയും എന്നാൽ മറ്റം ദേവസ്വം ഒഴിഞ്ഞ് കിടക്കുകയാ ണെന്നും, ആകയാൽ മറ്റം ദേവസ്വത്തിൽ സ്ഥലം മാറ്റമെന്നാണ് അപ്പീലിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

ടിയാളുടെ അപ്പീൽ അപേക്ഷ പരിഗണിച്ച് മറ്റം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റി ഉത്തരവാകുന്നു.

2. ശ്രീ. പി. കൃഷ്ണകുമാർ. (തൃപ്പെരുന്തറ ദേവസ്വം)

ടിയാൻ പൊതുസ്ഥലം മാറ്റത്തിൽ മേജർ ചെട്ടികുളങ്ങര ദേവസ്വമാണ് ആവശ്യപ്പെട്ടതെന്നും ടി ദേവസ്വത്തിൽ ഒഴിവ് വരുന്ന നാദസ്വരം ലാവണത്തിൽ സ്ഥലം മാറ്റണമെന്നാണ് അപ്പീലിലൂടെ വിവരിച്ചിരിക്കുന്നത്.

ആകയാൽ ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് ചെട്ടികുളങ്ങര ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

ടി സ്ഥലം മാറ്റങ്ങൾ 20-7-2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ

Sreelatha

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, മാവേലിക്കര.
2. സെക്ഷൻഫയൽ.
3. EDP Section.

ശ.

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.40/16/MIS-C

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
13/ 07 / 2016

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

**വിഷയം:-**മാവേലിക്കര ഗ്രൂപ്പിലെ കഴകം ജീവനക്കാരുടെ 2016-2017-ലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച്.

**സൂചന:-** മാവേലിക്കര ദേവസ്വം കഴകം ശ്രീ.എൻ.ശ്രീജിത്ത്, കൊയ്പ്പള്ളി കാരാഴ്മ ദേവസ്വ കഴകം ശ്രീ.ആർ.രഘുകുമാർ, പള്ളിയറക്കാവ് ദേവസ്വം കഴകം ശ്രീ.കെ.അശോകൻ എന്നിവരുടെ അപ്പീൽ അപേക്ഷകൾ.

(1) ശ്രീ.എൻ.രഞ്ജിത്ത്,മാവേലിക്കര ദേവസ്വം

ടിയാൻ പൊതുസ്ഥലം മാറ്റത്തിൽചെട്ടികുളങ്ങര ദേവസ്വം, തട്ടാരമ്പലം, ശ്രീനാരായണ പുരം എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും എന്നാൽ ടിയാന്റെ രണ്ടാം ചോയിസ് ആയ തട്ടാരമ്പലം ദേവസ്വത്തിലേയ്ക്കാണ് സ്ഥലം മാറ്റിയിട്ടുള്ളതെന്നും ടിയാന്റെ ഒന്നാം ചോയിസ് ആയ ചെട്ടികുളങ്ങര ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകണമെന്നതുമാണ് അപ്പീലിലെ ആവശ്യം

ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് ഒന്നാം ചോയ്സ് ആയ ചെട്ടികുളങ്ങര ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയും,ചെട്ടികുളങ്ങര ദേവസ്വത്തിലേയ്ക്കു സ്ഥലം മാറ്റിയ ശ്രീ.ജി.ശ്രീധരൻ നായരെ ശ്രീനാരായണപുരത്തേയ്ക്കു സ്ഥലം മാറ്റിയും ഉത്തരവാകുന്നു.

(2) ശ്രീ.ആർ.രഘുകുമാർ,പള്ളിയറക്കാവ് ദേവസ്വം

ടിയാൻ കണ്ണമംഗലം സബ്ഗ്രൂപ്പിൽപ്പെട്ട ശ്രീനാരായണപുരം ദേവസ്വം കൊയ്പ്പള്ളി കാരാഴ്മ ദേവസ്വത്തിൽ തുടരുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ടെന്നും മൂന്ന് വർഷം തികയാത്തതിനാൽ പരിഗണിച്ചിട്ടില്ലെന്നും മൂന്ന് വർഷം തികയാത്തവരുടെ അപേക്ഷ പരിഗണിക്കുന്ന പക്ഷം ടിയാന് തട്ടാരമ്പലം ദേവസ്വത്തിലേയ്ക്കോ ശ്രീനാരായണപുരംദേവസ്വത്തിലേയ്ക്കോ സ്ഥലം മാറ്റം നൽകണമെന്നാണ് അപ്പീലിലെ ആവശ്യം

ടിയാൻ മൂന്ന് വർഷം പൂർത്തിയായിട്ടില്ലാത്തതിനാൽ അപ്പീൽ നിരസിച്ച് ഉത്തരവാകുന്നു.

(3) ശ്രീ.കെ.അശോകൻ,പള്ളിയറക്കാവ് ദേവസ്വം

ടിയാൻ പൊതുസ്ഥലം മാറ്റത്തിൽ കണ്ണമംഗലം സബ് ഗ്രൂപ്പിൽ പ്പെട്ട ശ്രീനാരായണപുരം ദേവസ്വത്തിലെ ഓപ്പൺ വേക്കൻസിലേയ്ക്ക് അപേക്ഷ നൽകിയെങ്കിലും പരിഗണിച്ചില്ലായെന്നും ടി ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകണമെന്നുമാണ് അപ്പീലിലെ ആവശ്യം .

ടിയാന്റെ അപ്പീലിൽ വിവരിച്ചിട്ടുള്ള ശ്രീനാരായണപുരം ദേവസ്വം സീനിയറിന് നൽകിയതിനാൽ അപ്പീൽ നിരസിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവ് **20.07.2016** മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

**അംഗീകാരത്തോടെ,**

Sreelatha

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ)**

**പകർപ്പ്-**

1. **അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ-മാവേലിക്കര**
2. **സെക്ഷൻ ഫയൽ**
3. **ഫെയർ ഓഫീസ് കോപ്പി**
4. EDP section

*RA*

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ROC.40/16/MIS-C**

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
**13/ 07 / 2016**

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

**വിഷയം:-** മാവേലിക്കര ഗ്രൂപ്പിലെ തളി ജീവനക്കാരുടെ **2016-2017**-ലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച്.

**സൂചന:-** കാട്ടുവള്ളി ദേവസ്വം തളി ശ്രീമതി.റ്റി.സുധാദേവിയുടെ അപ്പീൽ അപേക്ഷ.

ശ്രീമതി.റ്റി.സുധാദേവി(കാട്ടുവള്ളി ദേവസ്വം)

പൊതു സ്ഥലം മാറ്റത്തിൽ ടിയാൾ ലാവണം ഒഴിഞ്ഞ് കിടക്കുന്ന കൊയ്പ്പള്ളി കാരാഴ്മ ദേവസ്വം ആവശ്യപ്പെട്ടിരുന്നെന്നും പരിഗണിച്ചില്ലായെന്നുമാണ് അപ്പീൽ.

ടിയാളുടെ അപ്പീൽ അപേക്ഷ പരിഗണിച്ച് കൊയ്പ്പള്ളി കാരാഴ്മ ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു.

ഈ ഉത്തരവ് 20.7.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

**അംഗീകാരത്തോടെ,**

Seelathi

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ)**

**പകർപ്പ്-**

1. **അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ-മാവേലിക്കര**
2. **സെക്ഷൻ ഫയൽ**
3. **ഫെയർ ഓഫീസ് കോപ്പി**
4. EDP section

*RA*

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം.
ഫോൺ : 0471 2315156; ഫാക്സ്:0471 2315156;
ഇമെയിൽ: devaswomcommissionertdb@gmail.com

ദേവസ്വം കമ്മീഷണർ ഓഫീസ്

ആർ.ഒ.സി. 38 /16/മിസ് എ    തിരുവനന്തപുരം, 15/07/2016

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം :- 2016 - 17 ലെ മാവേലിക്കര ഗ്രൂപ്പിനകത്തെ പൊതുസ്ഥലമാറ്റം-
വാച്ചർ ലാവണത്തിലെ അപ്പീൽ അപേക്ഷകൾ സംബന്ധിച്ച്.

സൂചന : - 1) കാട്ടുവള്ളി ദേവസ്വം വാച്ചർ ശ്രീ.എ.ഹരിദാസിന്റെ അപേക്ഷ.

2) മാവേലിക്കര ദേവസ്വം വാച്ചർ ശ്രീ.വിനോദ് പി.നായരുടെ അപേക്ഷ.

3) കരിമുട്ടം ദേവസ്വം വാച്ചർ ശ്രീ.കെ.അജിത് കുമാറിന്റെ അപേക്ഷ.

4) മാവേലിക്കര ദേവസ്വം വാച്ചർ ശ്രീ.സി.കെ.പ്രസന്നകുമാറിന്റെ അപേക്ഷ.

5) കണ്ണമംഗലം ദേവസ്വം വാച്ചർ ശ്രീ.ആർ.ഗോപകുമാറിന്റെ അപേക്ഷ.

6) പുതിയിടം ദേവസ്വം വാച്ചർ ശ്രീ.കെ.മുരളീധരൻ നായരുടെ അപേക്ഷ.

7) തൃപ്പെരുംതുറ ദേവസ്വം വാച്ചർ ശ്രീ.വിനോദ്.എൻ-ന്റെ അപേക്ഷ.

### 1) ശ്രീ.എ.ഹരിദാസ്, വാച്ചർ, കാട്ടുവള്ളി ദേവസ്വം

പൊതുസ്ഥലംമാറ്റത്തിൽ കണ്ടിയൂർ ദേവസ്വത്തിലേയ്ക്ക് മാറ്റം ആവശ്യ ഷെട്ടിരുന്നെങ്കിലും പരിഗണിച്ചില്ല. അപ്പീൽ അപേക്ഷ പരിഗണിച്ച് കണ്ടിയൂർ ദേവസ്വത്തിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനാണ് അപേക്ഷിച്ചിട്ടുള്ളത്.

ടിയാൻ നിലവിലെ ദേവസ്വത്തിൽ മൂന്നുവർഷം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

2) **ശ്രീ.വിനോദ് പി.നായർ, വാച്ചർ, മാവേലിക്കര ദേവസ്വം**

പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ നൽകിയിരുന്നെങ്കിലും പരിഗണിച്ചില്ലെ ന്നും കണ്ടിയൂർ ദേവസ്വത്തിൽ മുമ്പ് ജോലി നോക്കിയിട്ടില്ലെന്നും ആകയാൽ മാറ്റം നൽകണമെന്നുമാണ് അപേക്ഷിച്ചിട്ടുള്ളത്.

കണ്ടിയൂർ ദേവസ്വത്തിലേയ്ക്ക് സീനിയർ അപേക്ഷകർ ഉള്ളതിനാൽ അപ്പീൽ നിരസിച്ച് ഉത്തരവാകുന്നു.

3) **ശ്രീ.കെ.അജിത് കുമാർ, വാച്ചർ, കരിമുട്ടം ദേവസ്വം**

ടിയാൻ കായംകുളം പുതിയിടം ദേവസ്വത്തിലേയ്ക്ക് അപേക്ഷിച്ചിട്ടുള്ളതും ഒഴിവില്ലാത്തതിനാൽ പരിഗണിച്ചിട്ടില്ലാത്തതുമാണ്. കായംകുളം പുതിയിടം ദേവസ്വം വാച്ചർ ശ്രീ.മുരളീധരൻ നായർ കൊയ്പ്പള്ളി കാരാണ്മ ദേവസ്വത്തിലേയ്ക്ക് അപേക്ഷിച്ചിട്ടുള്ളതിനാൽ ടിയാന് കായംകുളം പുതിയിടം ദേവസ്വത്തിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനാണ് അപേക്ഷിച്ചിട്ടുള്ളത്.

ഒഴിവ് വന്നിട്ടുള്ളതിനാൽ അപ്പീൽ അപേക്ഷ പരിഗണിച്ച് കായംകുളം പുതിയിടം ദേവസ്വം അനുവദിച്ച് ഉത്തരവാകുന്നു.

4) **ശ്രീ.സി.കെ.പ്രസന്നകുമാർ, വാച്ചർ, മാവേലിക്കര ദേവസ്വം**

ടിയാൻ കണ്ടിയൂർ ദേവസ്വത്തിലേയ്ക്ക് അപേക്ഷ നൽകിയെങ്കിലും ഗ്രൂപ്പ് സീനിയറായ ടിയാനെ പരിഗണിച്ചിട്ടില്ലാത്തതാണ്. ആകയാൽ കണ്ടിയൂർ ദേവസ്വത്തിലേയ്ക്ക് മാറ്റം നൽകണമെന്നാണ് അപേക്ഷിച്ചിട്ടുള്ളത്.

കണ്ടിയൂർ ദേവസ്വത്തിൽ മുമ്പ് ജോലി നോക്കിയിട്ടുള്ളതിനാലും, നിലവിലെ ദേവസ്വത്തിൽ മൂന്നുവർഷം ആകാത്തതിനാലും അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

5) **ശ്രീ.ആർ.ഗോപകുമാർ, വാച്ചർ , കണ്ണമംഗലം**

ടിയാൻ പൊതുസ്ഥലംമാറ്റത്തിൽ കണ്ടിയൂർ, ചെട്ടിക്കുളങ്ങര, തട്ടാരമ്പലം എന്നീ ദേവസ്വങ്ങൾ ആവശ്യപ്പെട്ടിരുന്നതും, കണ്ടിയൂർ ദേവസ്വം അനുവദിച്ചിട്ടുള്ള തുമാണ്. ടിയാന്റെ ഭാര്യയുടെ അസുഖം കാരണം നിലവിലെ ദേവസ്വത്തിൽ മറ്റ് അപേക്ഷകരില്ലാത്തതിനാൽ തുടരുന്നതിന് അനുവദിക്കുന്നതിലേയ്ക്കാണ് അപേക്ഷിച്ചിട്ടുള്ളത്.

മറ്റ് അപേക്ഷകരില്ലാത്തതിനാൽ ടിയാന്റെ അപ്പീൽ പരിഗണിച്ച് കണ്ണമംഗലം ദേവസ്വത്തിൽ തുടരാൻ അനുവദിച്ച് ഉത്തരവാകുന്നു.

6) **ശ്രീ.കെ.മുരളീധരൻ നായർ, വാച്ചർ, പുതിയിടം ദേവസ്വം**

ടിയാൻ പൊതുസ്ഥലംമാറ്റത്തിൽ കണ്ടിയൂർ, കൊയ്പ്പള്ളി കാരാണ്മ, കണ്ണമംഗലം എന്നീ ദേവസ്വങ്ങൾ ആവശ്യപ്പെട്ടിരുന്നെങ്കിലും പരിഗണിച്ചിട്ടില്ലാത്തതും, കണ്ടിയൂർ, കൊയ്പ്പള്ളികാരാണ്മ ദേവസ്വത്തിൽ ഒഴിവുള്ളതിനാൽ ടി ദേവസ്വത്തിലേയ്ക്ക് മാറ്റം നൽകണമെന്നുമാണ് അപേക്ഷിച്ചിട്ടുള്ളത്.

ഒഴിവുള്ളതിനാൽ ടിയാന്റെ അപ്പീൽ പരിഗണിച്ച് കൊയ്പ്പള്ളി കാരാണ്മ ദേവസ്വത്തിലേയ്ക്ക് മാറ്റം നൽകി ഉത്തരവാകുന്നു.

7) **ശ്രീ.വിനോദ്.എൻ, വാച്ചർ, തൃപ്പെരുംതുറ ദേവസ്വം**

പൊതുസ്ഥലംമാറ്റത്തിൽ കണ്ടിയൂർ ദേവസ്വം ആവശ്യപ്പെട്ടിട്ടുള്ളതും ഇപ്പോൾ രണ്ട് ഒഴിവുള്ളതിനാലും കണ്ടിയൂർ ദേവസ്വത്തിലേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷിച്ചിട്ടുള്ളതാണ്.

കണ്ടിയൂർ ദേവസ്വത്തിൽ ഒഴിവു വന്നിട്ടുള്ളതിനാൽ ടിയാന്റെ അപ്പീൽപരിഗണിച്ച് കണ്ടിയൂർ ദേവസ്വത്തിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

സ്ഥലംമാറ്റ ഉത്തരവ് 20.07.2016-ൽ പ്രാബല്യത്തിൽ വരുത്തേതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, മാവേലിക്കര
2) ഇ.ഡി.പി. സെക്ഷൻ, ബോർഡാഫീസ്
3) ഫെയർ ആഫീസ് കോപ്പി.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)